കെ. എസ്. ആർ. ടി. സി.-യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

70 [2939] ശ്രീ. ബി. വിജയകുമാർ:
,, ഇ. എം. അഗസ്തി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ കെ. എസ്. ആർ. ടി. സി.-യുടെ ശരാശരി പ്രതിദിന കളക്ഷൻ എത്ര രൂപയായിരുന്നു;

(ബി) ഇപ്പോൾ അത് എത്ര രൂപയാണ്;

(സി) ഇനിയും കളക്ഷൻ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1 കോടി 89 ലക്ഷം രൂപയായിരുന്നു.

(ബി) 2 കോടി 21 ലക്ഷം രൂപയാണ്.

(സി) പുതിയ ബസ്സുകളും നിരത്തിലിറക്കിയും നഷ്ടത്തിൽ ഓടിച്ചിരുന്ന സർവ്വീസുകളും കെ. എസ്. ആർ. ടി. സി.-ക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ പുന:ക്രമീകരിച്ചു കളക്ഷൻ വർദ്ധിപ്പിക്കാനുള്ള നടപടി ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

പ്രവർത്തനക്ഷമമല്ലാത്ത ബസ്സുകളുടെ ലേലം

71 [2940] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി.-ക്ക് ഇപ്പോൾ എത്ര ട്രാൻസ്പോർട്ട് ബസ്സുകൾ ഉണ്ടെന്നും അവയുടെ കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള എല്ലാ ബസ്സുകളും പ്രവർത്തനക്ഷമമാണോ;

(സി) പ്രവർത്തനക്ഷമമല്ലാത്ത ബസ്സുകൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 27-7-2005-ലെ കണക്കനുസരിച്ച് കെ. എസ്. ആർ. ടി. സി.-ക്ക് 4772 ബസ്സുകൾ ഉണ്ട്. കാറ്റഗറി തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

സിറ്റി	..	262
സിറ്റി ഫാസ്റ്റ്	..	135
ലോ ഫ്ലോർ സിറ്റി ഫാസ്റ്റ്	..	4
ഡബിൾ ഡക്കർ	..	2

LIBRARY ARCHIVES Kerala Legislative Assembly

മിനി ബസ്	..	302
ഓർഡിനറി ബസ്	..	2546
വേണാട് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി	..	39
അനന്തപുരി ഫാസ്റ്റ് പാസഞ്ചർ	..	41
ഫാസ്റ്റ് പാസഞ്ചർ	..	1101
സൂപ്പർ ഫാസ്റ്റ്	..	307
സൂപ്പർ എക്സ്പ്രസ്	..	4
ലൈറ്റ്നിംഗ് എക്സ്പ്രസ്	..	4
സൂപ്പർ ഡീലക്സ്	..	16
സെമി സ്ലീപ്പർ	..	4
എയർ ബസ്	..	5
ഗരുഡ	..	2

(ബി) നിലവിലുള്ള ബസ്സുകളിൽ 4372 ബസ്സുകളിൽ 4372 ബസ്സുകളും പ്രവർത്തനക്ഷമമാണ്. ബാക്കിയുള്ള വാർഷിക ഫിറ്റ്നസ് പുതുക്കുന്നതിനോടനുബന്ധിച്ചുള്ള പണികൾക്കും അപകടം മൂലമുള്ള റിപ്പയറുകൾക്കും കാലാകാലങ്ങളിൽ ആവശ്യം വേണ്ടുന്ന മെയിൻറനൻസ് ജോലികൾക്കുമായി വർക്ക് ഷോപ്പുകളിൽ കിടക്കുകയാണ്. ഇതിൽ കെ. എസ്. ആർ. ടി. സി.-യുടെ സ്പെയർ ബസ്സുകളും ഉൾപ്പെടുന്നു.

(സി) പത്തു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബസ്സുകൾ തുടർന്നുള്ള അറ്റകുറ്റ പണികൾ ചെയ്യുന്നത് ലാഭകരമല്ലായെന്ന് കാണുന്നപക്ഷം മാത്രമേ ലേലം ചെയ്യാറുള്ളൂ.

കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസ്സിലേക്കുള്ള യാത്രാക്ലേശം പരിഹരിക്കാൻ നടപടി

72 [2941] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസ്സിലേക്കുള്ള മതിയായ യാത്രാസൗകര്യം ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ജീവനക്കാരും വിദ്യാർത്ഥികളും ചേർന്ന് ഗവൺമെൻറിനു സമർപ്പിച്ച നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) എറണാകുളം-ആലുവ റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ചിലതെങ്കിലും രാവിലെയും വൈകീട്ടും യൂണിവേഴ്സിറ്റി കാമ്പസ്സിലൂടെ കടന്നുപോകുന്ന രീതിയിൽ റൂട്ട് ക്രമീകരിച്ച് യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) നിവേദനത്തിൽ ആവശ്യപ്പെടുന്ന റൂട്ട് ക്രമീകരണം കെ. എസ്. ആർ. ടി. സി.-ക്ക് ലാഭകരമല്ലാത്തതിനാൽ പരിഗണനയിലല്ല.

LIBRARY ARCHIVES Kerala Legislative Assembly